**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 178

11-02-2020 ൽ മറുപടിയ്ക്ക്

# കപ്പൽ ഗതാഗതത്തിനുള്ള പാത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എം.ഷാജി :<br>ഡോ.എം. കെ. മുനീർ :<br>ശ്രീ. സി.മമ്മൂട്ടി :<br>ശ്രീ. പി.ഉബൈദുള്ള : | രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന അതിർത്തിയിലെ കടലിൽ കപ്പൽ ഗതാഗതത്തിനുള്ള പാത നിർണ്ണയിക്കുന്നതിനും അത് പരിപാലിക്കുന്നതിനുമുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കുമോ; | (എ) കപ്പൽ ഗതാഗതത്തിനുള്ള പാത അംഗീകരിക്കുന്നത് ഇന്റർനാഷണൽ മാരിടൈം ഓർഗനൈസേഷൻ (International Maritime Organization) ആണ്. |
| (ബി) എങ്കിൽ ബന്ധപ്പെട്ട അധികാരികൾ കേരള തീരത്തിന് സമീപമുള്ള കടലിൽ അത്തരം പാത നിർണ്ണയിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി) പാത നിർണ്ണയിക്കുന്നത് സംബന്ധിച്ചുള്ള ചർച്ചകൾ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് തലത്തിൽ നടന്നുവെങ്കിലും ഇതുവരെ ശുപാർശ ഇന്റർനാഷണൽ മാരിടൈം ഓർഗനൈസേഷന് നൽകിയിട്ടില്ല |
| (സി) അങ്ങിനെ ചെയ്തിട്ടില്ലാത്ത പക്ഷം ദിശമാറി തീരത്തോട് ചേർന്ന് സഞ്ചരിക്കുന്ന കപ്പലുകളെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) ഇപ്പോൾ വ്യക്തമായ ഒരു കപ്പൽപ്പാത നിലവിലില്ലാത്തതിനാൽ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ